# പ്രോസ്പെക്റ്റസ്

മലങ്കര ഓർത്തഡോക്സ് സഭയുടെ കോട്ടയം ഭദ്രാസനത്തിന്റെ ചുമതലയിൽ നടത്തപ്പെടുന്ന സ്ഥാപനമാകുന്നു മാത്യൂസ് മാർ ഈവാനിയോസ് ഐ.ടി.ഐ. കോട്ടയം ഭദ്രാസന മെത്രാപ്പോലീത്ത ആകുന്നു ഇതിന്റെ മാനേജർ. വിദ്യാർത്ഥികൾക്ക് സാങ്കേതിക വിജ്ഞാനം പകർന്നു കൊടുത്ത് അവരെ സ്വയംസഹായികളാക്കി ത്തീർക്കുന്നതോടൊപ്പം അവരുടെ സ്വഭാവ രൂപീകരണം അച്ചടക്കബോധം എന്നിവയ്ക്ക് പ്രത്യേക പ്രാധാന്യം നൽകിക്കൊണ്ട് അഭ്യസനം നടത്തിവരുന്നു.

**1. ലക്ഷ്യങ്ങൾ**

1) വ്യവസായ സ്ഥാപനങ്ങൾക്കാവശ്യമായ തൊഴിൽ വിദഗ്ദരെ സൃഷ്ടിക്കുക

2) വിദഗ്ദ തൊഴിലാളികളുടെ ലഭ്യത മൂലം വ്യവസായോൽപ്പാദനവും ഗുണമേന്മയും മെച്ചപ്പെടുത്തുക.

3) വിദ്യാസമ്പന്നരായ യുവാക്കളെ തൊഴിൽശാലകൾക്ക് അനുയോജ്യമായ ജോലികളിൽ പരിശീലനം നൽകി അവരുടെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കുക.

4) സ്വയം തൊഴിൽ കണ്ടെത്താനുള്ള വൈദഗ്ദ്യം നൽകുക.

**2. കോഴ്സുകൾ**

1) മെക്കാനിക് മോട്ടോർ വെഹിക്കിൾ (എം. എം. വി.)

2) ഇലക്ട്രോണിക്സ് മെക്കാനിക്

3) ഇലക്ട്രീഷൻ

4) ഡ്രാഫ്ററ്മാൻ സിവിൽ

5) പ്ലംബർ

**3. യോഗ്യത**

10ാം ക്ലാസ്സ് എങ്കിലും പാസ്സായവർക്ക് മേൽപ്പറഞ്ഞ കോഴ്സുകൾക്ക് ഒഴിവുകളുടെ അടിസ്ഥാനത്തിൽ അഡ്മിഷൻ കരസ്ഥമാക്കാവുന്നതാണ്.

**4. പ്രവർത്തന സമയം**

ഓരോ വർഷവും ആഗസ്റ്റ് മാസം 1ാം തീയതി മുതൽ ക്ലാസ്സുകൾ ആരംഭിക്കുന്നതാണ്. എസ്. എസ്. എൽ. സി. പരീക്ഷയിൽ ഇംഗ്ലീഷ്, കണക്ക്, സയൻസ് എന്നീ വിഷയങ്ങൾക്ക് ലഭിക്കുന്ന മാർക്കിന്റെ അടിസ്ഥാനത്തിലാണ് പ്രവേശനം അനുവദിക്കുന്നത്. ഐ.റ്റി.ഐ. കൾ വേനൽ അവധി ഇല്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. എല്ലാ ഐ.റ്റി.ഐ. കളും തിങ്കൾ മുതൽ ശനി വരെ ദിവസങ്ങളിൽ രാവിലെ 7 മുതൽ വൈകുന്നേരും 3 മണി വരേയും 9 മണി മുതൽ 5 മണി വരേയും ഉള്ള രണ്ട് ഷിഫ്റ്റുകളായിട്ടാണ് പ്രവർത്തിക്കുന്നത്.

**5. നിർബന്ധിത ഹാജർ ശതമാനം**

(എ) പരീശീലനാർത്ഥികൾക്ക് ഏറ്റവും കുറഞ്ഞത് 80% ഹാജരെങ്കിലും ഉണ്ടാകേണ്ടതാണ്. അപ്രകാരം ഹാജർ ഇല്ലാത്തവർക്ക് പരീക്ഷ എഴുതുവാൻ കഴിയുകയില്ല.

(ബി) 1. പരിശീലനാർത്ഥി മുന്നറിയിപ്പില്ലാതെ 10 സാദ്ധ്യായ ദിവസങ്ങൾ തുടർച്ചയായി ഹാജരാകാതിരുന്നാൽ അവരെ വിടുതൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

2. പരിശീലനാർത്ഥി പകുതിയിൽ കൂടുതൽ പ്രവൃത്തി ദിവസങ്ങളിൽ പരിശീലനത്തിന് ഹാജരാകാതിരുന്നാൽ അതായത് ഹാജർ 50 ശതമാനത്തിൽ കുറവായാൽ ഉടനെ മുന്നറിയിപ്പില്ലാതെ പിരിച്ചു വിടാവുന്നതാണ്.

**6. നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ്**

എൻ. സി. വി. റ്റി. അംഗീകാരമുള്ള കോഴ്സുകളിൽ 80 ശതമാനത്തിൽ കുറയാതെ ഹജരോടുകൂടി പൂർത്തിയാക്കുന്നവർ എൻ. സി. വി. റ്റി. നടത്തുന്ന അഖിലേന്ത്യാ പരീക്ഷയ്ക്ക് ഇരിക്കുവാൻ അർഹരാകുന്നതാണ്. ഈ പരീക്ഷയിൽ വിജയിക്കുന്നവർക്ക് നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് നൽകുന്നതാണ്.

**7. ഫീസ്**

ഷെഡ്യൂൾ അനുസരിച്ചുള്ള ഫീസ് നിശ്ചിത സമയത്ത് കൃത്യമായി അടയ്ക്കേണ്ടതാണ്. അപ്രകാരം അടയ്ക്കാത്താവരിൽനിന്ന് ഫൈൻ ഈടാക്കുന്നതിന് സ്ഥാപനത്തിന് അധികാരമുണ്ടായിരിക്കും. ഓരോ സെമസ്റ്ററിലും മുൻകൂട്ടി ഫീസ് അടയ്ക്കേണ്ടതാണ്. മുന്നറിയിപ്പ് ലഭിച്ചിട്ടും ഫീസ് അടയ്ക്കാത്തവരെ ക്ലാസിൽ നിന്ന് പുറത്താക്കുന്നതാണ്. നിശ്ചിത ഫീസിനു പുറമേ ഇന്റർ ഐ.റ്റി.ഐ. കലാ-കായിക മത്സരത്തിനുള്ള ഫീസ് കൂടി അടയ്ക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുന്നവർ സ്ഥാപനത്തിന്റെ നിലവിലുള്ള ചട്ടങ്ങൾക്ക്

വിധേയരായിരിക്കേണ്ടതും അച്ചടക്കം പാലിക്കേണ്ടതും പരിശീലനോപകരണങ്ങൾക്ക് നാശനഷ്ടം വരുത്താതെ സൂക്ഷിക്കേണ്ടതുമാണ്. അച്ചടക്കലംഘനം ബോധ്യപ്പെട്ടാൽ മുന്നറിയിപ്പുകൂടാതെ പിരിച്ചുവിടുന്നതതിനും ഉപകരണങ്ങൾക്ക് നഷ്ടം വരുത്തിയാൽ ആയതിന്റെ വില ഈടാക്കുന്നതിനും ഉള്ള അധികാരം ഐ. റ്റി. ഐ. യിൽ നിക്ഷിപ്തമാണ്.

**8 സകോളർഷിപ്പ്**

അർഹരായ പരിശീലനാർത്ഥികൾക്ക് ഐ.റ്റി.ഐ. യുടേയും മറ്റ് സ്വകാര്യ സ്കോളർഷിപ്പുകളും ലഭ്യമാണ്

**9 ഹോസ്റ്റൽ സൗകര്യം**

വിദൂരങ്ങളിൽ നിന്നും വരുന്ന പരിശിലനാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം മിതമായ നിരക്കിൽ ലഭ്യമാണ്.

**10 വാഹന സൗകര്യം**

ഐ.റ്റി.ഐ. വിദ്യാർത്ഥികൾക്കായി പുതുപ്പള്ളി ബസ്റ്റാന്റിൽ നിന്നും പാമ്പാടി ബസ്റ്റാന്റിൽ നിന്നും കോളെജ് ബസ് സൗകര്യം ഉണ്ടായിരിക്കും.

**11 സ്വകാര്യ വാഹന-മൊബൈൽഫോൺ ഉപയോഗ നിയമങ്ങൾ**

വ്യവസായപരിശീലന വകുപ്പിന്റെ ഓർഡർ പ്രകാരം ബൈക്കുകൾ പോലെയുള്ള സ്വകാര്യ വാഹനങ്ങളും മൊബൈൽ ഫോണും കാമ്പസിൽ അനുവദനീയമല്ല. ആരെങ്കിലും അപ്രകാരം കൊണ്ടുവരുന്നെങ്കിൽ സ്വന്തം ഉത്തരവാദിത്വത്തിൽ ആയിരിക്കും അപ്രകാരം ചെയ്യുന്നത്. എം.എം.ഐ. ഐ.റ്റി.ഐ. യ്ക്ക് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കില്ല.

**അറിയിപ്പ്**

പൂരിപ്പിച്ച അപേക്ഷ .................... ന് മുമ്പായി പ്രിൻസിപ്പാളിന്റെ പക്കൽ ലഭിക്കേണ്ടതാണ്.

എന്ന്

പ്രിൻസിപ്പാൾ